# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5913 — 04/11/2016-ൽ മറുപടിയ്ക്ക്

## പ്രീ-പ്രൈമറി വിഭാഗത്തിലെ തസ്തികകൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ടി. വി. ഇബ്രാഹിം** | പ്രൊഫ. സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സർക്കാർ സ്കൂളുകളോട് ചേർന്ന് പ്രവർത്തിക്കുന്ന പ്രീ-പ്രൈമറി വിഭാഗത്തിലെ ടീച്ചർ, ഹെൽപ്പർ എന്നിവർക്ക് നൽകി വരുന്ന ഓണറേറിയം/ശമ്പളം എത്രയെന്ന് വ്യക്തമാക്കാമോ; | (എ) പ്രീപ്രൈമറി അദ്ധ്യാപകർക്ക് 9000 രൂപയും ആയമാർക്ക് 6000 രൂപയും ഓണറേറിയമായി നൽകി വരുന്നു. |
| (ബി) ഏത് വർഷത്തെ കുട്ടികളുടെ എണ്ണം അടിസ്ഥാനമാക്കിയാണ് ഇത്തരം തസ്തികകൾ നിർണ്ണയിച്ചത്; അറിയിക്കാമോ; | (ബി) 01/08/2012-ലെ കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് തസ്തിക നിർണ്ണയിച്ചിട്ടുള്ളത്. |
| (സി) പുതുതായി പ്രസ്തുത വിഭാഗത്തിൽ ടീച്ചർ, ഹെൽപ്പർ തസ്തികകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ; | (സി) 07/12/2012-ന ശേഷം പുതിയ നിയമനം നടത്തുവാനോ പുതിയ പ്രീപ്രൈമറികൾ ആരംഭിക്കാനോ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |
| (ഡി) പ്രസ്തുത വിഭാഗത്തിലെ ടീച്ചർ/ആയ എന്നിവർക്ക് അംഗീകൃത പ്രസവാവധി അനുവദനീയമാണോ; | (ഡി) അവധി അനുവദിക്കേണ്ടത് നിയമനാധികാരിയാണ്. |
| (ഇ) ഇവർ പ്രസവാവധിയിൽ പ്രവേശിക്കുമ്പോൾ പകരം ആളെ നിയമിക്കുന്നതിനെക്കുറിച്ചും ശമ്പളം/ഓണറേറിയം നൽകുന്നതിനെക്കുറിച്ചും നിലവിലുള്ള വ്യവസ്ഥകൾ അറിയിക്കാമോ? | (ഇ) നിലവിൽ വ്യവസ്ഥകളില്ല |

Sheela H

സെക്ഷൻ ഓഫീസർ